(ബി) ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) വന്യമൃഗത്തിൽനിന്നും കൃഷിക്കാരെയും വിളകളെയും സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) ഇതുവരെ എന്ത് നടപടികൾ കൈക്കൊണ്ടു;

(ഇ) കാട്ടുമൃഗശല്യം കൂടുതൽ ഉള്ള പ്രദേശങ്ങളിൽ അടിയന്തിരമായി ഇലക്ട്രിക് ഫെൻസിംഗോ, കിടങ്ങുകൾ കുഴിക്കുന്നതിനോ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ഇതിനായി ഇതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ട്; എത്ര തുക ഈ പ്രദേശത്തെ പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വനാതിർത്തിക്കുള്ളിൽ തന്നെ വന്യജീവികളെ തടഞ്ഞ് നിർത്താനുതകുന്ന വിധത്തിൽ വനപ്രദേശങ്ങളിൽ വൈദ്യുത കമ്പിവേലികൾ, കിടങ്ങുകൾ, കൽമതിലുകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുക, വേനൽക്കാലത്ത് വന്യജീവികൾക്ക് വേണ്ട കുടിവെള്ളം, തീറ്റപ്പുല്ല് എന്നിവ ലഭ്യമാക്കുക, വന്യജീവികളിൽനിന്നും ആക്രമണമുണ്ടാകുന്ന സാഹചര്യത്തിൽ നിയമാനുസരണം ഉള്ള നഷ്ട പരിഹാരം നൽകുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

(ഡി) വന്യമൃഗശല്യത്തിൽനിന്നും കൃഷിക്കാരനെയും വിളകളെയും സംരക്ഷിക്കുന്നതിന് ഈ മേഖലയിലെ വനാതിർത്തിയിൽ ഇന്നുവരെ 56 കി. മീ. ദൂരം വൈദ്യുത കമ്പിവേലി നിർമ്മിക്കുകയും 7.5 കി.മീ. ദൂരം കിടങ്ങുകൾ കുഴിക്കുകയും ചെയ്തു. കൂടാതെ വന്യജീവികളിൽനിന്നും ആക്രമണം അനുഭവിക്കേണ്ടിവന്ന കേസ്സുകളിൽ 4.02675 ലക്ഷം രൂപ നഷ്ടപരിഹാര തുകയായും നൽകിയിട്ടുണ്ട്.

(ഇ) കാട്ടുമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ പ്രവർത്തനങ്ങൾക്ക് കൂടുതൽ മുൻഗണന നൽകിവരുന്നുണ്ട്.

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ 46.20 ലക്ഷം തുക ലഭിച്ചിട്ടുണ്ട്. ഈ തുക മുഴുവൻ ഈ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

55 (343) വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്ന സംഭവം

ശ്രീ. കെ. ടി കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ മലയോര വനാതിർത്തി പ്രദേശങ്ങളിലും ആറളം ഫാം പരിസരത്തും കാട്ടാനകളും മറ്റ് വന്യജീവികളും വ്യാപകമായി കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വന്യമൃഗങ്ങളുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി ആക്രമണം ഉണ്ടാകാറുള്ള പ്രദേശങ്ങളിൽ 3 കി.മീ. ദൂരം വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആറളം ഫാമിൽ കാട്ടാനക്കൂട്ടങ്ങൾ ഇറങ്ങുമ്പോൾ താൽക്കാലിക വാച്ചർമാരുടെയും ആറളം ഫാം തൊഴിലാളികളുടെയും സഹായത്തോടെ വന സംരക്ഷണ ഉദ്യോഗസ്ഥന്മാർ കാട്ടാനകളെ കാട്ടിലേക്ക് ഓടിച്ചുവിടാറുണ്ട്.

(സി) നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ നിയമാനുസരണം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

56 (344) വനം വകുപ്പുദ്യോഗസ്ഥന്മാരുടെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്ത നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് കാലാവധിയാണ് നീട്ടിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

57 (345) ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ഫോറസ്റ്റ് ഗാർഡുമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതുവരെ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നറിയുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഏല്ലാ ജില്ലകളിലും ഉണ്ടാകുന്ന ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly